# ജനിതക നഷ്ടപരിഹാരം

ജനിതക സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത Canola വിത്തിന്മേലുള്ള കമ്പനിയുടെ കുത്തകാവകാശത്തെ ലംഘിച്ചതിനെതിരെ കർഷകനുമേൽ കാനഡ ഫെഡറൽ കോടതി അസാധാരണമായ ഒരു വിധിന്യായം പുറപ്പെടുവിച്ചു

ജനിതക സാങ്കേതികവിദ്യയിൽ അതികായനായ മൊൺസാന്റോയ്ക്ക് നഷ്ടപരിഹാരമായി 85,000 യു.എസ്. ഡോളർ കർഷകൻ നൽകണം.

ഒപ്പിട്ട അനുമതി പത്രമില്ലാതെ ജനിതക സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത മൊൺസാന്റോയുടെ Canola വിത്ത് വീണ്ടും ഉപയോഗിക്കുന്നത് കാനഡ കുത്തകാവകാശനിയമപ്രകാരം നിയമവിരുദ്ധമാണ്. ഈ കേസ് ഒരു പുതിയ കീഴ്‌വഴക്കം തന്നെ സൃഷ്ടിച്ചിരിക്കുന്നു. ഒരുപക്ഷെ പരിഷ്കൃതവിത്തുകൾ വാങ്ങി ഉപയോഗിച്ചില്ലെങ്കിൽപ്പോലും കർഷകർ നഷ്ടപരിഹാരം കൊടുക്കാൻ നിർബന്ധിതരാകും. ജനിതക മലിനീകരണത്തിനിരയാകുകയാണ് ഇവർ. ഇതിന്റെ പരാഗം തൊട്ടടുത്ത കൃഷിയിടങ്ങളിൽ നിന്നുപോലും അന്തരീക്ഷത്തിലൂടെ വന്നു വീഴാനിടയുണ്ട്.